**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2509** **06-10-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച നെടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ കെ.ആർ.എഫ്.ബി മുഖേന നിർമ്മാണം പൂർത്തീകരിച്ച നെടുമ്പ്രക്കാട്-വിളക്കുമരം പാലം പദ്ധതിയ്ക്ക് 21.779 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ അപ്രോച്ച് റോഡിനുള്ള തുക ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിൽ, നെടുമ്പ്രക്കാട് ഭാഗത്തേക്ക് 128.5 മീറ്റർ നീളത്തിലും, വിളക്കുമരം ഭാഗത്തേക്ക് 111.3 മീറ്റർ നീളത്തിലും, പരപ്പേൽ ഭാഗത്തേക്ക് 157.3 മീറ്റർ നീളത്തിലും അപ്രോച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള തുക ഉൾപ്പെടുത്തുകയും ആയവ പ്രസ്തുത പാലം പ്രവൃത്തിയോടൊപ്പം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പാലം പൂർത്തീകരിച്ചെങ്കിലും പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നു കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി അപ്രോച്ച് റോഡിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബി ഫണ്ട് വകയിരുത്തി നിർമ്മിച്ച പാലത്തിന്റെയും അതിന്റെ അപ്രോച്ച് റോഡുകളുടെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. തകർന്ന് കിടക്കുന്ന പഞ്ചായത്ത് വക അപ്രോച്ച് റോഡ് ഈ പ്രവൃത്തിയുടെ ഭാഗമായിട്ടുള്ളതല്ല. |

സെക്ഷൻ ഓഫീസർ